I ഇ.ബി. XV - കേരള നിയമസഭ/XII-3

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 8, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I പ്രമേയം

താക്കീത്

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): " 2024 ഒക്ടോബർ 7-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനിടെ ശൂന്യവേളയിൽ പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലറങ്ങി പ്രതിഷേധിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സഭാധ്യക്ഷനെതിരെ അധിക്ഷേപകരമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും അദ്ദേഹത്തിന്റെ മുഖം മറയത്തക്കവിധത്തിൽ വലിയ ബാനർ

ഉയർത്തിപ്പിടിക്കുകയും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അത്തരം ചട്ടവിരുദ്ധ പ്രവർത്തനങ്ങളിൽനിന്നും പിന്തിരിയാതിരിക്കുകയും ചെയ്തത് കടുത്ത അച്ചടക്കരാഹിത്യവും പാർലമെന്ററി മര്യാദയുടെ ലംഘനവുമാണ്. സഭാചട്ടങ്ങളും അംഗങ്ങളുടെ പെരുമാറ്റ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭാധ്യക്ഷനെതിരെ നടത്തിയ അധിക്ഷേപ പരാമർശങ്ങളെയും അക്രമ സമരങ്ങളെയും ഈ സഭ ശക്തമായി അപലപിക്കുന്നു.

അതോടൊപ്പം സഭാംഗങ്ങൾക്കുള്ള പെരുമാറ്റചട്ടങ്ങൾ ലംഘിച്ചുകൊണ്ടും സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾ അവഗണിച്ചുകൊണ്ടും ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, സജീവ് ജോസഫ് എന്നിവർ ചെയറിന്റെ ഡയസ്സിൽ ബലപ്രയോഗത്തിലൂടെ കടന്നുകയറുകയും ചെയറിനുനേരെ പാഞ്ഞടുക്കുകയും ചെയ്തതുമൂലം മേൽപ്പറഞ്ഞ നാലുപേരും സഭയുടെയും സഭാധ്യക്ഷന്റെയും പ്രത്യേക അവകാശങ്ങൾ ലംഘിച്ചതായി ഈ സഭ വിലയിരുത്തുന്നു.

ആയതിനാൽ ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ ഐ.സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, സജീവ് ജോസഫ് എന്നീ അംഗങ്ങളെ

അവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ അവകാശ ലംഘനത്തിന്റെയും പെരുമാറ്റച്ചട്ട ലംഘനത്തിന്റെയും സഭയുടെ അന്തസ്സിനു നിരക്കാത്ത പ്രവർത്തനത്തിന്റെയും പേരിൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അനുബന്ധം II ആയി ചേർത്തിട്ടുള്ള പെരുമാറ്റചട്ടങ്ങളിലെ ചട്ടം 53 (എഫ്) പ്രകാരം ശക്തമായി താക്കീത് ചെയ്യാൻ ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സ്പീക്കറുടെ മുഖം മറയ്ക്കുംവിധത്തിൽ പ്ലക്കാർഡ് ഉയർത്തിപ്പിടിക്കുകയും സ്പീക്കർക്കെതിരെ മുദ്രാവാക്യം വിളിക്കുകയും ചെയ്യുന്നത് നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായല്ല. പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങിയാൽ സഭാ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും കക്ഷിനേതാക്കളെ വിളിച്ച് ചർച്ച ചെയ്തതിനുശേഷം സഭാനടപടികൾ തുടരുകയുമാണ് സാധാരണ കീഴ്വഴക്കം. എന്നാൽ അവയൊന്നും പാലിക്കാതെ ഇന്നലെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ

തീരുമാനിച്ചെങ്കിലും ഉപക്ഷേപാവതാരകനെ വിളിക്കാതെ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കുകയായിരുന്നു. ഞങ്ങൾ ഈ പ്രമേയത്തെ അതിശക്തിയായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട സ്പീക്കറെ അധിക്ഷേപിക്കുന്നതും ക്രമവിരുദ്ധ പ്രവൃത്തികൾ ചെയ്യുന്നതും അവകാശമാണെന്ന് സ്ഥാപിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സഭയുടെ അന്തസ് പാലിക്കുക എന്നത് പ്രധാനമാണ്. ബഹുമാനപ്പെട്ട സ്പീക്കർ പാർലമെന്ററി രീതിയനുസരിച്ചാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇന്നലത്തെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ അനുമതി നൽകിയെങ്കിലും ഒരു ന്യായവുമില്ലാതെ പ്രതിപക്ഷം സംഘർഷാവസ്ഥ സൃഷ്ടിച്ചതിനാൽ ഉപക്ഷേപാവതാരകനെ വിളിക്കാതെ സഭാ നടപടികൾ പൂർത്തിയാക്കുകയാണ് ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തത്. അതിനെ ചോദ്യം ചെയ്തത് ഔചിത്യമല്ല.

പ്രമേയം സഭ അംഗീകരിച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി. ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച

നടത്തിയതിനെ സംബന്ധിച്ചുള്ള അന്വേഷണം പ്രഹസനമാകുന്നതായും ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ നേട്ടങ്ങൾക്കായി പോലീസ് സംവിധാനത്തെ ദുരുപയോഗം ചെയ്യുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്നലത്തെ സ്ഥിതി ആവർത്തിക്കരുതെന്ന അഭ്യർത്ഥനയോടുകൂടി ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) കിനാലൂരിൽ എയിംസ് അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. സച്ചിൻദേവ്: കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കലിനായുള്ള പ്രാരംഭ നടപടികൾ സംസ്ഥാന ഗവൺമെന്റ് പൂർത്തിയാക്കിയിട്ടും AIIMS

അനുവദിക്കുന്നതിൽ കേന്ദ്രസർക്കാർ കാണിക്കുന്ന വിവേചനം, ഈ സ്ഥലവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന അനുചിതമായ അഭിപ്രായങ്ങൾ, ആരോഗ്യരംഗത്തെ ഗവേഷണപ്രവർത്തനങ്ങളുടെ പ്രാധാന്യം എന്നിവ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): എയിംസ് സ്ഥാപിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള വ്യവസായ വകുപ്പിന്റെ സ്ഥലം എയിംസ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്നും മാനദണ്ഡപ്രകാരം ആവശ്യമായ സ്ഥലം നൽകാൻ തയ്യാറാണെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് ഗവേഷണ സാധ്യതകളുള്ള സംസ്ഥാനമെന്ന നിലയിൽ മോഡേൺ മെഡിസിൻ, ആയുർവേദം എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഇന്റഗ്രേറ്റഡ് റിസർച്ച് സെന്ററായി എയിംസിനെ ഉയർത്താൻ സാധിക്കുമെന്നും ഇത് കേരളത്തിന് അനിവാര്യമാണെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ നിലപാടാണുള്ളത്.

## (2) ജനവാസകേന്ദ്രങ്ങളെയും കൃഷി സ്ഥലങ്ങളെയും ഇ.എസ്.എ. പരിധിയിൽ നിന്നൊഴിവാക്കൽ

ശ്രീ. സണ്ണി ജോസഫ്: ജനവാസ മേഖലകളെ പൂർണ്ണമായും ഇ.എസ്.എ.-യിൽ നിന്നും ഒഴിവാക്കുന്നതിന് പരിസ്ഥിതി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന മാപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കേരളത്തിന്റെ നിർദേശങ്ങൾ സമർപ്പിക്കുന്നതിനും ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള 3114 സ്ക്വ. കിലോമീറ്റർ സ്ഥലം കൂടി ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കേന്ദ്രമന്ത്രാലയം സംസ്ഥാനങ്ങളുടെ ശിപാർശകൾ പരിശോധിക്കുന്നതിന് നിയോഗിച്ച ആറംഗസമിതി മുമ്പാകെ ഇ.എസ്.എ. എന്നത് വനപ്രദേശങ്ങളിൽ മാത്രമായി നിജപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കുകയും സമിതിയുടെ പരിശോധനയ്ക്കുശേഷം ഇ.എസ്.എ. പുനർനിർണ്ണയിക്കുകയും പഞ്ചായത്തുകളിൽ നിന്നുള്ള അഭിപ്രായങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ ഇ.എസ്.എ. നിർദേശത്തിന്റെ അന്തിമ റിപ്പോർട്ട് 2024 മേയ് 13-ന് കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. സാങ്കേതിക സഹായത്തോടെ

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും ജനാഭിപ്രായം കണക്കിലെടുത്തുകൊണ്ടും നടത്തിയ ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിലുള്ള വിസ്തൃതി നിർണ്ണയമായതിനാൽ ഇത് കേന്ദ്രമന്ത്രാലയം അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുവേണ്ടിയുള്ള ശ്രമം തുടരുന്നതാണ്.

## IV സബ്മിഷൻ

### 1. മട്ടന്നൂരിൽ മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: മട്ടന്നൂരിൽ മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രകൃതിക്ഷോഭത്തിൽ വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മണ്ണൊലിപ്പുമൂലം തകർന്ന കിണറുകൾ, തോടുകൾ തുടങ്ങിയവയുടെ വിവരങ്ങൾ ശേഖരിക്കാൻ പ്രത്യേകം സമിതിയെ നിയോഗിക്കാനും മണ്ണിന്റെ പോഷകങ്ങൾ വീണ്ടെടുക്കാനുള്ള പദ്ധതി തയ്യാറാക്കാനും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കാനുമുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് ആവശ്യമായ ധനസഹായം നൽകുന്നത് സംബന്ധിച്ച് ഉത്തരവിറക്കുന്നതാണ്. പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടെയുള്ളവർക്ക് വീട് നഷ്ടപ്പെട്ടാൽ പരമാവധി 4 ലക്ഷം രൂപയും ഭൂമിയും വീടും നഷ്ടപ്പെട്ടാൽ 10 ലക്ഷം രൂപയും സഹായമായി നൽകുന്നതിന് സർക്കാർ തീരുമാനമെടുക്കുന്നതാണ്. രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകുന്നതാണ്.

(2) ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി-മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചതിനാൽ നഷ്ടോത്തരവാദിത്വമില്ലാതെ കരാർ റദ്ദുചെയ്തിരുന്നു. മണ്ണ് ഊർന്നുപോയതുകാരണം ഗതാഗതം നിരോധിക്കേണ്ടിവന്ന അപ്രോച്ച് റോഡ് വഴിയുള്ള പൊതു ഗതാഗതം പുനഃസ്ഥാപിക്കുന്നതിനും ആറ്റപ്പിള്ളി

റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനായി നിയമിച്ച സാങ്കേതിക വിദഗ്ദ്ധ സമിതിയുടെയും അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെയും ശിപാർശകൾക്കനുസൃതമായി ഐ.ഡി.ആർ.ബി. ഡിസൈൻ വികസിപ്പിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(3) <u>ചേർപ്പ്-തൃപ്രയാർ റോഡുകളുടെ റെസ്റ്റോറേഷൻ, ടാറിംഗ് പ്രവൃത്തികൾ</u>

<u>ശ്രീ. സി. സി. മുകുന്ദൻ:</u> നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി പൊളിച്ച ചേർപ്പ്-തൃപ്രയാർ റോഡുകളുടെ റെസ്റ്റോറേഷൻ, ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ):</u> നാട്ടിക നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ 2023 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് റെസ്റ്റോറേഷൻ നടത്തുകയും 2023 ഡിസംബറിൽ ബി.എം. പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവ

കാലതാമസം കൂടാതെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(4) പുല്ലുപാറയിൽ വ്യവസായ പാർക്ക് സ്ഥാപിക്കൽ

ശ്രീ. ടി. ഐ. മധുസൂദനൻ: പുല്ലുപാറയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പുല്ലുപാറയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതുസംബന്ധിച്ച് കിൻഫ്ര സമർപ്പിച്ച ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. CEZ പദവിയിലുൾപ്പെട്ട പ്രസ്തുത സ്ഥലം ഡീനോട്ടിഫിക്കേഷൻ നടപടി പൂർത്തീകരിച്ച് വ്യവസായ വകുപ്പിന് കൈമാറികിട്ടിയാലുടൻ അലോട്ട്മെന്റുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) ഖരമാലിന്യ സംസ്കരണപ്ലാന്റ് മാറ്റിസ്ഥാപിക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കുറ്റിപ്പുറം പഞ്ചായത്തിലെ ചെല്ലൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഖരമാലിന്യ സംസ്കരണപ്ലാന്റ് ജനവാസ കേന്ദ്രത്തിൽനിന്നും മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് പ്രകാരം ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): തിരൂർ താലൂക്കിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ എട്ടേക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി.-ക്ക് 30 വർഷത്തെ വാർഷികപാട്ടത്തിന് അനുവദിച്ച് മലപ്പുറം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. സുതാര്യമായ ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുക്കുന്ന കൺസോർഷ്യം കമ്പനി സമർപ്പിക്കുന്ന ഡി.പി.ആർ. ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചശേഷം മാത്രമേ പദ്ധതിക്ക് അംഗീകാരം നൽകുകയുള്ളൂ.

(6) വലിയശാല കാന്തള്ളൂർ മഹാദേവക്ഷേത്ര പുനരുദ്ധാരണം

ശ്രീ. ആന്റണി രാജു: തിരുവനന്തപുരം വലിയശാല കാന്തള്ളൂർ മഹാദേവ ക്ഷേത്ര പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): തിരുവനന്തപുരം വലിയശാല കാന്തള്ളൂർ മഹാദേവ ക്ഷേത്രത്തെ 'പ്രസാദ് ' പദ്ധതിയിലുൾപ്പെടുത്തുന്നതുസംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക്

പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(7) തൊഴിൽ മേഖലയിലെ അമിത ജോലിഭാരവും മാനസികസംഘർഷവും

ശ്രീ. വി. ആർ. സുനിൽകുമാർ: ഐ.ടി. ഉൾപ്പെടെയുള്ള വിവിധ തൊഴിൽമേഖലകളിൽ പണിയെടുക്കുന്നവരുടെ അമിത ജോലിഭാരവും മാനസികസംഘർഷവും ലഘൂകരിക്കുന്നതിന് നടപടി സ്വീകരണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ സംരക്ഷണം ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. അമിത ജോലിഭാരം, മാനസിക സംഘർഷം എന്നിവ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ക്രിയാത്മകമായ നടപടി സ്വീകരിക്കാറുണ്ട്. സ്ത്രീകൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ അറിയിക്കുന്നതിനായി തൊഴിൽ വകുപ്പ് 'സഹജ' എന്ന കോൾ സെന്റർ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. മേഖല ഉൾപ്പെടെയുള്ള

സംഘടിത-അസംഘടിത തൊഴിലാളികൾക്ക് മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്ന കാര്യം വിവിധ തലങ്ങളിൽ ചർച്ചയ്ക്കും പരിശോധനയ്ക്കുംശേഷം തീരുമാനിക്കുന്നതാണ്.

(8) <u>പൊന്നാനി-പടിഞ്ഞാറക്കര കേബിൾ സ്റ്റേയ്ഡ് ഹാംഗിംഗ് ബ്രിഡ്ജ്</u>

<u>ശ്രീ. പി. നന്ദകുമാർ</u>: മലപ്പുറം ജില്ലയിലെ പൊന്നാനി-തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പൊന്നാനി-പടിഞ്ഞാറക്കര കേബിൾ സ്റ്റേയ്ഡ് ഹാംഗിംഗ് ബ്രിഡ്ജിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): പൊന്നാനി അഴിമുഖത്തിനുകുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കേബിൾ സ്റ്റേയ്ഡ് ഹാംഗിംഗ് ബ്രിഡ്ജിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. എസ്.പി.വി. ആയ പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരികയുമാണ്. ടി പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയിൽനിന്ന് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്കുവേണ്ടി

സർക്കാർ പുറത്തിറക്കിയ സ്പെഷ്യൽ പാക്കേജ് ടി പദ്ധതിക്ക് ബാധകമാക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് ആവശ്യമായതിനാൽ റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. പദ്ധതി വേഗത്തിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുസെക്രട്ടറി തലത്തിൽ പ്രത്യേക യോഗം ചേരാൻ ആവശ്യപ്പെടുന്നതാണ്.

(9) വടക്കാഞ്ചേരി ബൈപ്പാസ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഡി.പി.ആർ. സമയബന്ധിതമായി പൂർത്തിയാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതി കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറെയ്ഞ്ച്മെന്റ് ഡ്രോയിംഗ് തയ്യാറാക്കുന്നതിന് കെ-റെയിലിനെ 25-07-2024-ന് ചുമതലപ്പെടുത്തുകയും 75 ദിവസത്തെ പൂർത്തീകരണ കാലാവധിക്കുള്ളിൽ ജി.എ.ഡി. സമർപ്പിക്കാൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവേ ഭാഗം

ഒഴിച്ചുള്ള ഭാഗത്തെ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(10) വെങ്ങളം-മൂരാട് പാലം സർവ്വീസ് റോഡ് വീതി കൂട്ടൽ

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വെങ്ങളം മുതൽ മൂരാട് പാലം വരെയുള്ള സർവ്വീസ് റോഡ് വീതി കൂട്ടാനും തിക്കോടിയിൽ അടിപ്പാത നിർമ്മിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയ പാത 66-ലെ അഴിയൂർ-വെങ്ങളം സ്ട്രെച്ചിൽ കരാർ പ്രകാരം 7 മീറ്റർ വീതിയിലാണ് സർവ്വീസ് റോഡ് നിർമ്മിക്കേണ്ടിയിരുന്നത്. എന്നാൽ ചിലയിടങ്ങളിൽ 7 മീറ്റർ വീതിയില്ലാത്ത സാഹചര്യമുണ്ട്. മതിയായ ഭൂമി ലഭ്യമല്ലാത്ത ചിലയിടങ്ങളിൽ ഡ്രെയിനേജുൾപ്പെടെ 5.5 മുതൽ 7 മീറ്റർ വരെ വീതിയിൽ സർവ്വീസ് റോഡ് നിർമ്മിച്ചതായി ദേശീയ പാതാ അതോറിറ്റിയെ അറിയിച്ചിട്ടുള്ളതാണ്. സ്ഥലമുണ്ടായിട്ടും കുറഞ്ഞ വീതിയിൽ സർവ്വീസ് റോഡ് നിർമ്മിച്ചത് സംബന്ധിച്ച് പരിശോധിക്കാം. ദേശീയ പാതാ പ്രവൃത്തി

നിരീക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നിയോഗിക്കപ്പെട്ട നോഡൽ ഓഫീസറോട് ഇക്കാര്യം പരിശോധിക്കാൻ പ്രത്യേക നിർദേശം നൽകുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47(2)], ലിസ്റ്റ് 3 [ചട്ടം 236(5)], ലിസ്റ്റ് 4 [ചട്ടം 236(6)] എന്നിവ പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിനാല് മുതൽ എഴുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവിൽ ശ്രീ. റോജി എം. ജോണിന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ സഭ പരിഗണിക്കുകയും അനുവാദം നൽകുകയും ചെയ്തു.

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വയനാട് ജില്ലയിലെ മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ

വയനാട് ജില്ലയിലെ മേപ്പാടിയിൽ 30-07-2024-നുണ്ടായ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## IX നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ
(ii) 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. അൻവർ സാദത്ത്: 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു. വെറ്ററിനറി സർവ്വകലാശാലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർവ്വകലാശാലയ്ക്ക്

വകയിരുത്തുന്ന പ്ലാൻ ഫണ്ട് യഥാസമയം അനുവദിച്ച് നൽകുന്നതിനും മണ്ണുത്തി, പൂക്കോട് ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. യഥാസമയം ഫണ്ട് അനുവദിച്ച് പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

(2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ഡോ. കെ. ടി. ജലീൽ: 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനങ്ങളുടെ മെച്ചപ്പെട്ട ഉപജീവനമാർഗ്ഗമായി പശുപരിപാലനം മാറുകയും വാണിജ്യാടിസ്ഥാനത്തിൽ പശുവളർത്തൽ നടത്തുന്ന യുവസംരംഭകരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നത് സമ്പദ്ഘടനയിൽ ഈ മേഖലയ്ക്കുള്ള സ്വാധീനം വെളിവാക്കുന്നതാണ്. പ്രളയം പ്രതികൂലമായി ബാധിച്ച സാഹചര്യത്തിലും ക്ഷീരമേഖലയ്ക്ക് പുത്തനുണർവ്വും പ്രതീക്ഷയും നൽകുന്ന പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചുവെന്നത് അഭിമാനകരമാണ്. ക്ഷീര കർഷകർക്ക് സാമ്പത്തിക-സാമൂഹിക

സുരക്ഷിതത്വം ഉറപ്പാക്കുന്നതോടൊപ്പം ഉത്പാദന ചെലവ് കുറച്ച് പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ഗുണമേന്മയുള്ള പാലും പാലുത്പന്നങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനാവശ്യമായ പാലിന്റെ എൺപത് ശതമാനവും ആഭ്യന്തരമായി ഉൽപാദിപ്പിക്കാൻ സാധിക്കുന്നത് പ്രോത്സാഹിപ്പിക്കത്തക്കതാണ്. ക്ഷീരശ്രീ പോർട്ടലിന് ഇ-ഗവേണൻസ് അവാർഡ് ലഭിച്ചതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തി ക്ഷീര വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചതും അതിദരിദ്ര കുടുംബങ്ങൾക്ക് ഒരു പശുവിനെ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും ശാസ്ത്രീയ പ്രജനന നയം നടപ്പാക്കിയതും ക്ഷീര കർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിന് പാൽ വില ചാർട്ട് നവീകരിച്ചതും ശ്ലാഘനീയമാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കുറുക്കോളി മൊയ്തീൻ): 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് പശു, കാള തുടങ്ങിയവയുടെ എണ്ണത്തിലും പാലുത്പാദനത്തിലും കുറവുണ്ടായിരിക്കുകയാണ്. ബിൽ വിഭാവനം ചെയ്യുന്ന

ഗുണഫലങ്ങൾ നാടൻ കൃഷി സമ്പ്രദായത്തെ തകർക്കാതെ എല്ലാ ക്ഷീര കർഷകർക്കും ലഭ്യമാക്കാൻ കഴിയണം.

## X നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

എ.ഡി.ജി.പി.-ആർ.എസ്.എസ്.കൂടിക്കാഴ്ച

ശ്രീ. എൻ. ഷംസുദ്ദീൻ: നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത്കുമാർ ആർ.എസ്.എസ്. നേതാവ് ശ്രീ. ദത്താത്രേയ ഹൊസബെല്ലയുമായി ആർ.എസ്.എസ്. ക്യാമ്പിലും ശ്രീ. റാം മാധവുമായി കോവളത്ത് വച്ചും ചർച്ച നടത്തിയതുമായി ബന്ധപ്പെട്ട് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടും ആരോപണ വിധേയനായ എ.ഡി.ജി.പി.ക്ക് എതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകാത്ത ആഭ്യന്തര വകുപ്പിന്റെ നിലപാട് പ്രതിഷേധാർഹമാണ്. എ.ഡി.ജി.പി. സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്നുവെന്ന വ്യാപക പരാതിയാണുള്ളത്. കോഴിക്കോട് എയർപോർട്ട് കേന്ദ്രീകരിച്ച് നടക്കുന്ന സ്വർണ്ണ

കള്ളക്കടത്തിലൂടെയും ഹവാലപണമിടപാടിലൂടെയും മലപ്പുറത്ത് ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഒരു പ്രമുഖ ഇംഗ്ലീഷ് ദിനപ്പത്രത്തിന് മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ പറഞ്ഞതിലൂടെ മലപ്പുറത്തെ ജനങ്ങളെ അവഹേളിക്കുകയാണ് ചെയ്തിട്ടുള്ളത്. മുഖ്യമന്ത്രി സംഘപരിവാർ അജണ്ട നടപ്പാക്കാൻ കൂട്ടുനിൽക്കുകയാണ്. കോഴിക്കോട് എയർപോർട്ട് വഴി നടത്തുന്ന സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാജയപ്പെട്ടിരിക്കുകയാണ്. മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസിൽ പോലീസ് യഥാസമയം കുറ്റപത്രം സമർപ്പിക്കാത്തതുമൂലം ശ്രീ. കെ. സുരേന്ദ്രനെ കുറ്റവിമുക്തനാക്കിയതും കൊടകര കുഴൽപ്പണക്കേസ് അട്ടിമറിച്ചതും ആർ.എസ്.എസ്.മായുള്ള അന്തർധാര വ്യക്തമാക്കുന്നതാണ്. ശ്രീ. എം. ആർ. അജിത് കുമാറിനെ ആഭ്യന്തരവകുപ്പും മുഖ്യമന്ത്രിയും സംരക്ഷിക്കുന്ന നടപടി അപലപനീയമാണ്. ഡി.ജി.പി.യുടെ അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കാൻ തയ്യാറാകണം.

ശ്രീ. പി. നന്ദകുമാർ: ഇന്നലെയും ഇന്നും സഭയിൽ കൊണ്ടുവന്ന നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം സമാന സ്വഭാവമുള്ളതാണ്. മലപ്പുറത്ത് തെരുവോരങ്ങളിൽ മതമൗലികവാദികളുമായി യോജിച്ച് തീവ്രവാദ പ്രസ്ഥാനക്കാർ മുഖ്യമന്ത്രിക്കെതിരെ നടത്തുന്ന

അപവാദപ്രചാരണത്തിന് കൂട്ടുനിൽക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്. കേരളത്തിൽ വർഗ്ഗീയ വിദ്വേഷപ്രസംഗം നടത്തിയ ബി.ജെ.പി. നേതാക്കൾക്കെതിരെയുള്ള കേസുകൾ പിൻവലിച്ചത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്.

ഡോ. മാത്യു കുഴൽനാടൻ: ക്രമസമാധാന ചുമതലയിലുണ്ടായിരുന്ന എ.ഡി.ജി.പി. ആർ.എസ്.എസ്. നേതാക്കളുമായി ചർച്ച നടത്തിയതുമായി ബന്ധപ്പെട്ടാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സി.പി.ഐ.(എം.)-ആർ.എസ്.എസ്. ബന്ധം അന്വേഷിച്ച് തെളിവ് പുറത്തുകൊണ്ടുവരുന്നതിനുള്ള ഏജൻസി പ്രതിപക്ഷത്തിനില്ല. മാസങ്ങൾക്കുമുമ്പ് എ.ഡി.ജി.പി.-യുടെ ആർ.എസ്.എസ്. കൂടിക്കാഴ്ച സംബന്ധിച്ച വിവരം ലഭിച്ചിട്ടും നടപടി സ്വീകരിക്കാതിരുന്നത് പ്രതിഷേധാർഹമാണ്. ഭരണകക്ഷി എം.എൽ.എ.-യും സി.പി.ഐ.-യും ക്രമസമാധാന ചുമതലയിൽനിന്നും എ.ഡി.ജി.പി.-യെ മാറ്റണമെന്നാവശ്യപ്പെട്ടിട്ടും നടപടിയെടുക്കാതെ സഭാ സമ്മേളനം ആരംഭിക്കുന്നതിന് തലേദിവസം എ.ഡി.ജി.പി.-യെ ചുമതലയിൽനിന്നും മാറ്റിയതിനുള്ള കാരണം പൊതുസമൂഹത്തോട് വിശദീകരിക്കണം. മുഖ്യമന്ത്രിയുടെ മകൾക്കെതിരെയുള്ള കേസിൽ ഹൈക്കോടതിവിധി

പ്രസ്താവിക്കാനിരിക്കുന്ന സാഹചര്യത്തിൽ എസ്.എഫ്.ഐ.ഒ. ആരംഭിച്ച അന്വേഷണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കപ്പെടേണ്ടതുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ആർ.എസ്.എസ്.-മായി ഇടതുപക്ഷജനാധിപത്യ സർക്കാരിന് ബന്ധമുണ്ടെന്ന പ്രസ്താവന അംഗീകരിക്കാൻ കഴിയുന്നതല്ല. ആർ.എസ്.എസ്. നേതാക്കളുമായി എ.ഡി.ജി.പി. നടത്തിയ കൂടിക്കാഴ്ച സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. ക്രമസമാധാന ചുമതലയിൽനിന്ന് എ.ഡി.ജി.പി.-യെ മാറ്റണമെന്ന് സി.പി.ഐ. ആവശ്യപ്പെടുകയും ഇതുമായി ബന്ധപ്പെട്ട തുടരന്വേഷണവുമായി സർക്കാർ മുന്നോട്ടുപോവുകയുമാണ്. മലപ്പുറത്തെ ജനതയെ അധിക്ഷേപിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചിട്ടില്ല. ആർ.എസ്.എസ്. - ബി.ജെ.പി. ശക്തികൾ ആഗ്രഹിക്കുന്നത് ജാതീയമായും സാമുദായികമായും ജനങ്ങളിൽ ചേരിതിരിവ് ഉണ്ടാക്കി കേരളത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കണമെന്നുള്ളതാണ്. ഒരു മതവിഭാഗത്തെ അധിക്ഷേപിക്കുന്നതിനും ഇകഴ്ത്തിക്കാണിക്കുന്നതിനും ഉത്തരവാദി ഭരണകൂടമാണെന്ന നിലയിലുള്ള പ്രചാരണം അപകടകരമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ

നയങ്ങൾക്കും സമീപനങ്ങൾക്കും എതിരായ നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ തീർച്ചയായും കർശന നടപടി സ്വീകരിക്കും.

ശ്രീ. അനൂപ് ജേക്കബ്: സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. തുടർച്ചയായി ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തുന്നത് സംബന്ധിച്ച് ഇന്റലിജൻസ് വിഭാഗത്തിന്റെയും സ്പെഷ്യൽ ബ്രാഞ്ചിന്റെയും റിപ്പോർട്ട് വന്ന പശ്ചാത്തലത്തിൽപ്പോലും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് അപലപനീയമാണ്. അതുസസംബന്ധിച്ചുള്ള അന്വേഷണം വെറും പ്രഹസനം മാത്രമാണ്. എ.ഡി.ജി.പി.-ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ഭയപ്പെടുന്നതുമൂലമാണ് സി.പി.ഐ.(എം)-ആർ.എസ്.എസ്. ബന്ധത്തെക്കുറിച്ചുള്ള ആരോപണവും ആക്ഷേപവും ശക്തമായി മുന്നോട്ടുവരുന്നത്. ക്രമസമാധാന ചുമതലയിൽനിന്ന് കുറച്ചുകൂടി സൗകര്യപ്രദമായ മറ്റൊരു മേഖലയിലേയ്ക്ക് തസ്തികമാറ്റം നടത്തിയിട്ടുള്ളത് യഥാർത്ഥത്തിൽ ശ്രീ. അജിത് കുമാറിന് നൽകിയ ആനുകൂല്യമാണ്.

ശ്രീ. കെ. വി. സുമേഷ്: സർക്കാരിനെയും മുഖ്യമന്ത്രിയെയും ബോധപൂർവമായി ആക്ഷേപിക്കാനുള്ള ശ്രമത്തെ അങ്ങേയറ്റം അവജ്ഞയോടെ കേരളീയ സമൂഹം തള്ളിക്കളയുമെന്ന് ഉറപ്പാണ്. രാജ്യത്ത്

നിലനിൽക്കുന്ന ഭരണഘടനയ്ക്കും നിയമത്തിനും അനുസൃതമായി മാത്രമേ സർക്കാരിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. തെറ്റ് ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സംരക്ഷിക്കുകയില്ല. എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് എല്ലാ വസ്തുതകളും അന്വേഷിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. സംഘപരിവാറിനോട് ഏതെങ്കിലും തരത്തിൽ സന്ധി ചെയ്യുന്ന പാരമ്പര്യം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനില്ല.

ശ്രീമതി കെ. കെ. രമ: ആർ.എസ്.എസ്.-സി.പി.ഐ.(എം) തമ്മിലുള്ള രഹസ്യബാന്ധവത്തിന്റെ ഇടനിലക്കാരനായ എ.ഡി.ജി.പി., ആർ.എസ്.എസ്. നേതാവിനെ സന്ദർശിച്ചതിനുള്ള കാരണമോ ചർച്ച നടത്തിയതു സംബന്ധിച്ചോ ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ ബ്രാഞ്ചും സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ചോ അന്വേഷണം നടത്താത്തത് ഖേദകരമാണ്. പ്രതിപക്ഷ നേതാവ് ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ മാത്രം അന്വേഷണം പ്രഖ്യാപിച്ചത് കാപട്യമാണ്. ആർ.എസ്.എസ്. ബന്ധം മുന്നോട്ടുകൊണ്ടുപോകുന്നതിന് സി.പി.ഐ.(എം) എല്ലാ കാലത്തും ഉദ്യോഗസ്ഥരെയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽനിന്ന് ബി.ജെ.പി-

ക്ക് ഒരു എം.പി.-യെ ലഭിച്ചതിന് പ്രധാന കാരണക്കാരനായ എ.ഡി.ജി.പി.-ക്കെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ആർ.എസ്.എസ്.-നെയും സംഘപരിവാറിനെയും എതിർക്കുന്ന ഇടതുപക്ഷത്തെയും സർക്കാരിനെയും ആക്രമിക്കുന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്. ഇടതുപക്ഷമുയർത്തുന്ന സംഘപരിവാർ വിരുദ്ധ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താൻ പ്രതിപക്ഷം മുന്നോട്ടുവരണം.

ശ്രീ. മോൻസ് ജോസഫ്: കേരളത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. ആർ.എസ്.എസ്. നേതാക്കളുമായി നിരന്തരം കൂടിക്കാഴ്ചകൾ നടത്തിയത് ഗൗരവമേറിയ പ്രശ്നമാണ്. എ.ഡി.ജി.പി.-യുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിനുപകരം അദ്ദേഹത്തെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ആർ.എസ്.എസ്. നേതാക്കളുടെ സംരക്ഷണത്തിൽ അധികാരത്തിൽ തുടരാനുള്ള സർക്കാർ ശ്രമം നിർഭാഗ്യകരമാണ്.

ശ്രീ. തോമസ് കെ. തോമസ്: ആഭ്യന്തര വകുപ്പിനെയും മുഖ്യമന്ത്രിയെയും ഇകഴ്ത്തികാണിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. സ്വർണ്ണക്കടത്ത് ഉൾപ്പെടെയുള്ള

കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന പോലീസ് സേനയ്ക്കെതിരെ ഇത്തരത്തിൽ ആരോപണങ്ങൾ ഉന്നയിക്കുന്നത് ഖേദകരമാണ്. കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ ആർജ്ജവമുള്ള സർക്കാരാണ് കേരളം ഭരിക്കുന്നത്.

ശ്രീ. വി. ജോയി: ആർ.എസ്.എസ്.-ഉം മുഖ്യമന്ത്രിയും തമ്മിൽ ബന്ധമുണ്ടെന്ന് വരുത്തിത്തീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ആർ.എസ്.എസ്.-ഉം ആയി വളരെ അടുത്ത ബന്ധം പുലർത്തുന്ന നേതാക്കൾ പ്രതിപക്ഷത്തുണ്ട്. മതനിരപേക്ഷ നിലപാട് സ്വീകരിക്കുന്ന മുഖ്യമന്ത്രിക്കെതിരെയാണ് പ്രതിപക്ഷം ആരോപണങ്ങളുന്നയിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മലപ്പുറം ജില്ലയോടും ന്യൂനപക്ഷങ്ങളോടും മതേതര നിലപാടാണ് സ്വീകരിക്കുന്നതെന്ന ഇടതുപക്ഷത്തിന്റെ അവകാശവാദം കാപട്യമാണ്. മാറിമാറിവന്ന ഗവൺമെന്റുകളെല്ലാം മലപ്പുറം ജില്ലയുടെ വികസനത്തിൽ പങ്കാളികളായിട്ടുണ്ട്. മലപ്പുറത്ത് വലിയതോതിൽ കള്ളക്കടത്തും ഹവാല ഇടപാടും നടക്കുന്നുണ്ടെന്നും അത് ദേശദ്രോഹ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നുമുള്ള മുഖ്യമന്ത്രിയുടെ പരാമർശം അപലപനീയമാണ്. സർക്കാരിന്റെ ഈ നയം തിരുത്തണം.

ഡോ. കെ. ടി. ജലീൽ: കമ്മ്യൂണിസ്റ്റുകാർക്ക് ആർ.എസ്.എസ്.-ഉം ആയി ബന്ധമുണ്ടെന്ന പ്രതിപക്ഷ ആരോപണം അബദ്ധജടിലമാണ്. മലപ്പുറം ജില്ലാരൂപീകരണത്തെ എതിർത്ത ജനസംഘത്തെ പിന്തുണച്ചവരാണ് കോൺഗ്രസ്സ്.

(ഡോ. കെ. ടി. ജലീലിന്റെ പരാമർശത്തിനെതിരെ പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും അല്പസമയത്തിനകം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോവുകയും ചെയ്തു).

മലബാർ കലാപത്തെ വർഗ്ഗീയ കലാപമായി ചിത്രീകരിച്ചത് ഭാരതീയ ജനസംഘവും കോൺഗ്രസ്സുമാണ്. ഇന്ത്യൻ രാഷ്ട്രീയത്തിലെ ആർ.എസ്.എസ്. വിരുദ്ധർ കമ്മ്യൂണിസ്റ്റുകാരാണെന്നതിൽ തർക്കമില്ല. ബാബറി മസ്ജിദ് തകർത്ത് രാമക്ഷേത്രം നിർമ്മിക്കാൻ സൗകര്യമൊരുക്കിയത് കോൺഗ്രസ്സാണെന്നുള്ളത് വസ്തുതയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം 2023 മേയ് 22-ാം തീയതി ആർ.എസ്.എസ്. നേതാക്കളുമായി ചർച്ച നടത്തിയെന്ന് 2024 സെപ്തംബർ 4-ന്

ഉന്നയിച്ചിരുന്നു. ഞാൻ ഉന്നയിച്ച ആക്ഷേപത്തിന്മേൽ സെപ്റ്റംബർ 25-ാം തീയതിയാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. ഈ ഉദ്യോഗസ്ഥനെ ഇതിനുമുമ്പും തെറ്റായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ഗുരുതരമായ ആരോപണങ്ങളുള്ളപ്പോഴും അദ്ദേഹം ആ പദവിയിൽതന്നെ തുടർന്നു. ദേശവിരുദ്ധപ്രവർത്തനങ്ങൾ, കള്ളക്കടത്ത്, ഹവാല പണമിടപാട് എന്നിവ നടത്തുന്നത് ഒരു വിഭാഗമാണെന്നും ഒരു ജില്ലയിലാണ് ഇത് നടക്കുന്നതെന്നുമുള്ള സംഘ്പരിവാറിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. പി. ആർ. ഏജൻസിയുമായി ബന്ധമില്ലെന്ന മുഖ്യമന്ത്രിയുടെ വാദം വസ്തുതാവിരുദ്ധമാണ്. മുഖ്യമന്ത്രി അറിയാതെയാണ് പി.ആർ. ഏജൻസി ദ ഹിന്ദു പത്രത്തിൽ മലപ്പുറം ജില്ലയെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള വാചകങ്ങൾ നൽകിയതെങ്കിൽ അവർക്കെതിരെ കേസ്സെടുക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. ബി. രാജേഷ്):</u> ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി., ആർ.എസ്.എസ്. നേതാക്കളെ സന്ദർശിച്ചത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ

പരിശോധിച്ചുവരികയാണ്. സ്വർണ്ണക്കടത്ത്, ഹവാല, നികുതിവെട്ടിപ്പ് തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ഏതെങ്കിലുമൊരു ജില്ലയേയോ മതവിഭാഗത്തേയോ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന യാതൊരു പ്രസ്താവനയും മുഖ്യമന്ത്രിയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിൽ കുറ്റകൃത്യങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. ആർ.എസ്.എസ്. നേതാക്കളുമായി എ.ഡി.ജി.പി. കൂടിക്കാഴ്ച നടത്തിയതുസംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ടുണ്ടായിരുന്നുവെന്ന പ്രതിപക്ഷ വാദം വസ്തുതാവിരുദ്ധമാണ്. രാഷ്ട്രീയ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അവാസ്തവമായ കാര്യങ്ങളാണ് പ്രതിപക്ഷം പ്രചരിപ്പിക്കുന്നത്. ന്യൂനപക്ഷ ജനവിഭാഗങ്ങളെക്കുറിച്ച് വർഗ്ഗീയശക്തികൾ നടത്തുന്ന കുപ്രചരണങ്ങൾ ചെറുക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ വിരുദ്ധരായും ഒരു സമുദായത്തെ എതിർക്കുന്നവരായും ചിത്രീകരിക്കാനുള്ള പ്രതിപക്ഷശ്രമം ദൗർഭാഗ്യകരമാണ്. കമ്മ്യൂണിസ്റ്റുകാർ ന്യൂനപക്ഷങ്ങൾക്കെതിരാണെന്നുള്ള പ്രചാരണമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയെ

വ്യക്തിഹത്യ നടത്തി അപകീർത്തിപ്പെടുത്താനും ആരോപണങ്ങളുന്നയിച്ച് രാഷ്ട്രീയത്തിൽ ശ്രദ്ധ പിടിച്ചുപറ്റാനുമുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. വിവിധ മേഖലകളിൽ രാജ്യത്തിനുതന്നെ അഭിമാനകരമായ രീതിയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ വസ്തുതകൾകൊണ്ട് നേരിടാൻ കഴിയാത്തതിനാൽ പ്രതിപക്ഷം സർക്കാരിനെതിരെ അപവാദങ്ങൾ പ്രചരിപ്പിക്കുകയാണ്. പ്രതിപക്ഷത്തെ പിന്തുണയ്ക്കുന്ന മാധ്യമ ശൃംഖലയുടെ ബലത്തിൽ ഇടതുപക്ഷത്തെ ഇല്ലാതാക്കാമെന്നത് വ്യാമോഹം മാത്രമാണ്. പ്രതിപക്ഷം ഉന്നയിക്കുന്ന സത്യവിരുദ്ധ പ്രചാരണങ്ങളെ സർക്കാർ അതിജീവിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

(എ.ഡി.ജി.പി.-ആർ.എസ്.എസ്. നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ച, മുഖ്യമന്ത്രി ഹിന്ദു ദിനപ്പത്രത്തിന് നൽകിയ അഭിമുഖം എന്നിവ സംബന്ധിച്ച് കൃത്യമായ മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിക്കുകയും ചെയ്തു.)

ഉപക്ഷേപം സഭ നിരാകരിച്ചു.

**നിയമനിർമ്മാണ കാര്യം-തുടർച്ച**

ശ്രീ. പി. നന്ദകുമാർ: നിരവധി ആളുകൾ ക്ഷീരകർഷക മേഖലയിലേയ്ക്ക് കടന്നുവരുന്നത് അഭിനന്ദനാർഹമാണ്. അവർക്ക് കൂടുതൽ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾക്ക് പിന്തുണ പ്രഖ്യാപിക്കുകയും ഈ ബില്ലിന് എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

**XI അറിയിപ്പ്**

വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന യോഗം

മി. സ്പീക്കർ: വ്യവസായ വകുപ്പ് ടോപ് അച്ചീവ്മെന്റ് നേടിയതുമായി ബന്ധപ്പെട്ട് ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഇന്ന് വൈകുന്നേരം നടക്കുന്ന യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നിയമനിർമ്മാണ കാര്യം-തുടർച്ച**

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് പ്രകാരം മാനേജ്മെന്റ് കൗൺസിൽ കണക്കുകളുടെ ഒരു പകർപ്പും റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല

സ്വീകരിച്ച നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റും സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും സംസ്ഥാന സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും സർവ്വകലാശാല വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. സർവ്വകലാശാലയ്ക്ക് വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും സമർപ്പിക്കുന്നതിനുള്ള സമയപരിധി തൊട്ടടുത്ത വർഷം മാർച്ച് 1-ാം തീയതിയോ അതിനുമുമ്പോ എന്ന് നിശ്ചയിച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തുന്നതിനാണ് ഈ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത്.

മണ്ണുത്തി വെറ്ററിനറി കോളേജിൽ 31 കോടി രൂപ അടങ്കലിൽ നിർമ്മിക്കുന്ന ലാബ് സമുച്ചയത്തിന്റെ 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി ഉടൻ പൂർത്തീകരിക്കുന്നതുമാണ്. പൂക്കോട് വെറ്ററിനറി കോളേജ് കാമ്പസ് വയനാട് പാക്കേജിലുൾപ്പെടുത്തി ഡയറി ഇൻകുബേഷൻ സെന്ററിനും അഞ്ചുകോടി രൂപ ചെലവിൽ ആധുനിക മൃഗാശുപത്രിക്കും അനുമതി ലഭിച്ചിട്ടുണ്ട്. മണ്ണുത്തി കാമ്പസിൽ 17 കോടി രൂപ ചെലവിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ അനുവദിക്കുകയും ലേഡീസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലുമാണ്.

പൂക്കോട് വെറ്ററിനറി കോളേജ് കാമ്പസിൽ ആർ.ഐ.ഡി.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി ഹോസ്റ്റൽ സമുച്ചയത്തിന് പദ്ധതി സമർപ്പിച്ചിട്ടുള്ളതും നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതുമാണ്. തിരുവനന്തപുരം നെട്ടുകാൽത്തേരി തുറന്ന ജയിലിനോട് ചേർന്ന് 16 ഏക്കർ സ്ഥലം വെറ്ററിനറി യൂണിവേഴ്സിറ്റിക്കും ക്ഷീരവികസന വകുപ്പിനും അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. സർവ്വകലാശാലയുടെ പ്രവർത്തനത്തിന് 69 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1992 മുതൽ കേരളത്തിൽ നിലവിലുള്ള കന്നുകാലി പ്രജനന നയം പൂർണ്ണമായി നടപ്പാക്കുന്നതിന് നിയമത്തിന്റെ പിൻബലം ആവശ്യമാണ്. പുറമെ നിന്നുള്ള ഏജൻസികളുടെ ഗുണനിലവാരം പാലിക്കാത്ത ബീജമാത്രകളുടെ അനധികൃത ഉപയോഗം തടയുന്നതിനും ഗുണനിലവാരം കൂടിയ ബീജമാത്രകളുടെ ലഭ്യത കർഷകർക്ക് ഉറപ്പുവരുത്തുന്നതിനുമാണ് കന്നുകാലി പ്രജനന ബിൽ അവതരിപ്പിക്കുന്നത്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 3.52-ന് പിരിഞ്ഞു.

...............